**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **10.12.2018-ൽ മറുപടിക്ക്**

**ചോദ്യം നം. 3403**

**കമ്പവല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നവർക്കുള്ള ഓഖി നഷ്ടപരിഹാരം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീമതി ഗീതാ ഗോപി** | | **ശ്രീമതി. ജെ. മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കഠിനംകുളം, പുത്തൻതോപ്പ് തുടങ്ങിയ മേഖലകളിൽ കമ്പവല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് ഓഖി ദുരിതാശ്വാസത്തിന്റെ ഭാഗമായുള്ള നഷ്ടപരിഹാരം ലഭ്യമായിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അവർക്ക് നഷ്ടപരിഹാരം നൽകാത്തതിന്റെ കാരണം വിശദമാക്കുമോ; | (ബി) | അനർഹർ കടന്ന് കൂടാതിരിക്കുന്നതിനുള്ള മുൻകരുതൽ എന്ന നിലയിൽ ഓഖി ദുരന്തത്തിന് ശേഷം ഏകദേശം 2 ആഴ്ചയ്ക്കകം തന്നെ ദുരന്ത ബാധിതരുടെ വിശദവിവരങ്ങൾ ഫിഷറീസ് വകുപ്പ് ശേഖരിച്ചിരുന്നു. എന്നാൽ കഠിനംകുളം, പുത്തൻതോപ്പ് ഭാഗത്തുള്ള ദുരന്തബാധിതരുടെ അപേക്ഷ 2018 ഫെബ്രുവരി മാസത്തിലാണ് ഫിഷറീസ് വകുപ്പിൽ ലഭിച്ചത്. താമസിച്ച് ലഭിച്ച അപേക്ഷകളായതുകൊണ്ടും, ഓഖി ദുരന്തം ഗുരുതരമായി ബാധിച്ച വിഴിഞ്ഞം, അടിമലത്തുറ, പൂവ്വാർ പ്രദേശത്തൊന്നും കമ്പവല നാശനഷ്ടം സംഭവിച്ചിട്ടില്ലാത്തതു കൊണ്ടും ടി അപേക്ഷകളിൽ വിശദമായ പരിശോധന ആവശ്യമായി വന്നിരുന്നു. നിലവിൽ നഷ്ടപരിഹാരം ആവശ്യപ്പെട്ടു കൊണ്ടുള്ള ലിസ്റ്റ് ലഭ്യമായിട്ടുണ്ട്. ലിസ്റ്റ് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | കമ്പവല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നവർക്ക് ഓഖി ദുരന്തത്തിൽ ഉണ്ടായ നഷ്ടങ്ങൾ പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ഓഖി ദുരന്തത്തിൽ നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ടുള്ള കമ്പവല തൊഴിലാളികളുടെ ലിസ്റ്റ് നിലവിൽ ലഭ്യമായിട്ടുണ്ട്. കാലതാമസം വന്നിട്ടുള്ളതാകയാൽ വിശദമായി പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ